(സി) ഉദിക്കുന്നില്ല.

(ഡി ആന്റ് ഇ) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ അപ്ഗ്രഡേഷന് ശരാശരി 148 ലക്ഷം രൂപയും മെയിന്റനൻസിന് ശരാശരി 30 ലക്ഷം രൂപയും ചെലവാകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ മറ്റു റോഡുകളുടെ അപ്ഗ്രഡേഷനും മെയിന്റനൻസിനും പ്രത്യേക റേറ്റ് നിജപ്പെടുത്തിയിട്ടില്ല. അതത് സ്ഥലത്തെ ടി വർക്കുകളുടെ പ്രത്യേകതയനുസരിച്ച് ഈ ജോലികളുടെ റേറ്റിൽ വ്യത്യാസമുണ്ടാകുന്നുണ്ട്.

(എഫ്) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## അദ്ധ്യാപക പരിശീലന പദ്ധതികൾ

228 [372] ശ്രീ. ടി. കെ. ബാലൻ:

„ വി. കെ. ചന്ദ്രൻ:

„ മത്തായി ചാക്കോ:

„ രാജു എബ്രാഹാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) അദ്ധ്യാപകരുടെ പരിശീലനത്തിന് എല്ലാ ജില്ലകളിലും ഓരോ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽനിന്ന് കഴിഞ്ഞവർഷം എന്ത് തുക ലഭിച്ചു;

(ഇ) ഈ വർഷം പദ്ധതിക്കായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം എത്രയാണ്;

(എഫ്) എല്ലാ ജില്ലകളിലേയും ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഷ്ക്കരിച്ച പാഠപുസ്തകം, കൈപ്പുസ്തകം, ഇവയെ ആസ്പദമാക്കിയുള്ള പരിശീലനം, പരിഷ്ക്കരിച്ച മൂല്യനിർണ്ണയ സമീപനത്തെ സംബന്ധിച്ച പരിശീലനം, പ്രതിമാസ ഏകദിന ക്ലസ്റ്റർ പരിശീലനം, ശാരീരിക അവശതകൾ, പഠന വൈകല്യം എന്നിവയുള്ള കുട്ടികൾക്കായി നടപ്പാക്കപ്പെടുന്ന ഐ.ഇ.ഡി.സി. പദ്ധതി പ്രകാരമുള്ള പരിശീലനം എന്നിവയാണ് അദ്ധ്യാപകർക്ക് നിലവിലുള്ള പരിശീലന പദ്ധതികൾ.

(ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും എസ്.എസ്.എ. ഫണ്ടിൽ നിന്ന് വാങ്ങി നൽകി ഡയറ്റുകളെ ശക്തിപ്പെടുത്തി അധ്യാപക പരിശീലനത്തിനായി നിയോഗിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എ. പദ്ധതിക്കായി 49.66 കോടി രൂപ ലഭിച്ചു. അധ്യാപക പരിശീലനത്തിനായി 445 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) 1685 ലക്ഷം രൂപയാണ് 2004-2005 വർഷത്തേയ്ക്ക് അധ്യാപക പരിശീലനത്തിനായി നീക്കിവെച്ചിട്ടുള്ള അടങ്കൽ തുക. ഇതിൽ 75% കേന്ദ്ര സഹായമാണ്.

(എഫ്) എല്ലാ ജില്ലകളിലും ഡയറ്റുകളും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും അധ്യാപക പരിശീലന പരിപാടി ആരംഭിച്ചു കഴിഞ്ഞു.

## തീരദേശ റോഡ് പദ്ധതി

229 [373] ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) തീരദേശ റോഡ് പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly